കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല - കാവിലുംപാറ ഗ്രാമ പഞ്ചായത്ത് -പോലീസ് വകുപ്പിന് സ്ഥലം വിട്ടുകൊടുക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം.1600/2014/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 24-6-2014

---

**പരാമർശം :-**

1. കാവിലുംപാറ ഗ്രാമ പഞ്ചായത്തിന്റെ 7/8/2012, 5/3/2014 എന്നീ തീയതികളിലെ 141/12, 36/2014 എന്നീ നമ്പർ തീരുമാനങ്ങൾ
2. കാവിലുംപാറ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 12/2/2013, 10/3/2014 എന്നീ തീയതികളിലെ 11254/12 നമ്പർ കത്തുകൾ
3. പഞ്ചായത്ത് ഡയറക്ടറുടെ 5/2/2014-ലെ സി2 8314/13 നമ്പർ കത്ത്

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ കാവിലുംപാറ ഗ്രാമ പഞ്ചായത്ത് വക കാവിലുംപാറ വില്ലേജിലെ റീസർവ്വേ 95/1-ൽപ്പെട്ട 27.5 സെന്റ് സ്ഥലത്തുനിന്നും 13.75 സെന്റ് സ്ഥലം പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി പോലീസ് വകുപ്പിന് വിട്ടുകൊടുക്കുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിച്ച് സെക്രട്ടറി പരാമർശം (2) പ്രകാരം ഉചിതമാർഗ്ഗേന അപേക്ഷിച്ചു.

നിലവിൽ ടാക്സി സ്റ്റാൻഡിനായി ഉപയോഗിക്കുന്ന ടി സ്ഥലം കാവിലുംപാറ സബ് രജിസ്ട്രാർ ഓഫീസിലെ 1583/1992 നമ്പർ ദാനയാധാരപ്രകാരം ശ്രീമതി. ആസിയ എന്ന വ്യക്തി ഗ്രാമ പഞ്ചായത്തിന് നല്കിയതാണ്. ടി 13.75 സെന്റ് സ്ഥലം പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് വിട്ടുനല്കുന്നതിന് സമ്മതമാണെന്ന് ടിയാൾ രേഖാമൂലം ഗ്രാമ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട് എന്ന് കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 5-3-14-ലെ 36/2014-ാം നമ്പർ തീരുമാനത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കാവിലുംപാറ ഗ്രാമ പഞ്ചായത്ത് വക കാവിലും പാറ വില്ലേജിലെ റീസർവ്വേ 95/1-ൽപ്പെട്ട 27.5 സെന്റ് സ്ഥലത്തുനിന്നും 13.75 സെന്റ് സ്ഥലം പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി സൗജന്യമായി പോലീസ് വകുപ്പിന് വിട്ടുകൊടുക്കുന്നതിന് ടി ഗ്രാമ പഞ്ചായത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം
കെ.കെ.രാജഗോപാലൻ നായർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കാവിലുംപാറ ഗ്രാമ പഞ്ചായത്ത്, കാവിലുംപാറ പി.ഒ, പിൻ 673513
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ) കേരള, തിരുവനന്തപുരം
ഡയറക്ടർ,ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
ജില്ലാ കളക്ടർ,കോഴിക്കോട്
സംസ്ഥാന പോലീസ് ചീഫ്, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ആഭ്യന്തര വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ